**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഹൈടെക് ക്ലാസ് മുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ നാളിതുവരെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 4752 സെക്കന്ററി-ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |
| (ബി) | വാമനപുരം മണ്ഡലത്തിൽ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ നാളിതുവരെ ഹൈടെക് ആക്കി മാറ്റിയ ക്ലാസ് മുറികൾ എത്രയാണെന്ന് എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി തിരിച്ച് നൽകാമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള 16 ഹൈസ്കൂൾ, 10 ഹയർ സെക്കന്ററി സ്കൂൾ, 3 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലായി 309 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 45 ലോവർ പ്രൈമറി, 37 അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |
| (സി) | എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ ക്ലാസ് മുറികളെ അപേക്ഷിച്ച് ഹൈടെക് ക്ലാസ് മുറികളിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഓരോ ക്ലാസിലും മൗണ്ട് ചെയ്ത മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, ലാപ്ടോപ്പ്, പാഠഭാഗങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ, പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം തുടങ്ങിയവയാണ് പ്രധാനമായും ഹൈടെക് ക്ലാസ് മുറികളിൽ സജ്ജമാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ